I/61209/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി,**

**കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി., IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/2337/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 03-10-2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ICPS - ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2022 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1 . ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 14.09.2022 ലെ 192/2022/DCPU/IDK നമ്പർ കത്ത്

2. വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.03.2021 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പരാമർശം (1) പ്രകാരം 2022 - 23 സാമ്പത്തിക വർഷത്തിൽ ലഭ്യത രഹിത സാക്ഷ്യപത്രം ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രതിമാസം 16,820/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്.

ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം വാടകയിൽ പരമാവധി അനുവദിക്കാവുന്ന 15,000/-രൂപയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു പരാമർശം (2) പ്രകാരം അനുമതി നൽകി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമുണ്ട്.

മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2022 ജൂലൈ മുതൽ ഒക്ടോബർ വരെ പ്രതിമാസം 16,820/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ **67,280/- രൂപ (അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എണ്പത് രൂപ മാത്രം** ) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക 67,280/- രൂപ (**അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എണ്പത് രൂപ മാത്രം** ) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീംമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ

/61209/2022

0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ 04.02 (DCPU Rent for Hiring) കംപോണെ ന്റി ൽ നിന്നും ഇടുക്കി ജില്ലാ വനിത ശിശു വികസന ആഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. 67,280/- രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ ശിശു വികസന ഓഫീസർ, ഇടുക്കി.
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 03-10-2022 12:58:20